(ഇ) സർക്കാരും മിൽക്ക് സപ്ലൈ യൂണിയനുമായിട്ടുള്ള സാമ്പത്തിക ഇടപാടുകൾ ക്രമീകരിക്കുന്ന മുറയ്ക്ക് വാടക കൊടുത്തുതീർക്കുന്നതാണ്.

151 (2465) കോട്ടയം ജില്ലാ സഹകരണ മിൽക്ക് സപ്ലൈ യൂണിയൻ റിവൈവ് ചെയ്യുവാൻ നടപടി

<u>ശ്രീ. എ.കെ. മണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലാ സഹകരണ മിൽക്ക് സപ്ലൈ യൂണിയൻ റിവൈവ് ചെയ്യുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) പാൽ വ്യാപാരം വിപുലീകരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) യൂണിയൻ തലത്തിൽ പാൽ വ്യാപാരം വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ ഉദ്ദേശമില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

152 (2466) കേരള ഫീഡ്സിലെ അഗ്നിബാധ

<u>ശ്രീ. യു.എസ്. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാള നിയോജകമണ്ഡലത്തിൽ കല്ലേറ്റുംകരയിലെ കേരള ഫീഡ്സിൽ കാലിത്തീറ്റ ഉല്പാദിപ്പിക്കുന്നതിന് ടാങ്കിനുള്ളിൽ സംഭരിച്ചിരുന്ന ചോളം കത്തിനശിച്ച കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം ഉണ്ടായിട്ടുള്ള നഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) ടാങ്കിനുള്ളിൽ തീ പിടിക്കുവാനുള്ള കാരണം വെളിപ്പെടുത്തുമോ;

(ഡി) ഇതിനെക്കുറിച്ച് അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഏകദേശം 88.36 ലക്ഷം രൂപ നഷ്ടമുണ്ടായതായി കണക്കാക്കിയിരിക്കുന്നു.

(സി) സംഭരണ അറയിലെ ആന്തരിക എരിച്ചിൽ (ഇന്റേണൽ കംബസ്റ്റ്യൻ) മൂലമാണ് തീപിടുത്തമുണ്ടായതെന്ന് കരുതപ്പെടുന്നു.

(ഡി) ഉണ്ട്. തീപിടിത്തത്തെപ്പറ്റി അന്വേഷിക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) ഇക്കാര്യത്തിൽ വിദഗ്ദ്ധാന്വേഷണം നടത്തുന്നതിനായി സർവ്വശ്രീ. പ്രൊഫ. ജോർജ്ജ് മാത്തൂർ (വെറ്ററിനറി കോളേജ്, കാർഷിക സർവ്വകലാശാല), ടി.എസ്. കൃഷ്ണസ്വാമി (സീനിയർ മാനേജർ, പ്രോജക്ട്സ്, മിൽമ) ഡോ. ടി.കെ. ജോസ് (മുൻ മാനേജിംഗ് ഡയറക്ടർ, കേരള ഫീഡ്സ്) എന്നിവർ അടങ്ങിയ ഒരു വിദഗ്ദ്ധസമിതിയെ നിയോഗിച്ചിട്ടുണ്ട്.

153 (2468) മൂന്നാറിനെ പ്രധാന ടൂറിസ്റ്റ് കേന്ദ്രമാക്കാൻ നടപടി

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിനെ ഒരു പ്രധാന ടൂറിസ്റ്റ് കേന്ദ്രമാക്കി മാറ്റുവാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കുവാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) തമിഴ്നാട്ടിലെ ഊട്ടി, കൊടൈക്കനാൽ എന്നീ സ്ഥലങ്ങളിലേതിനേക്കാൾ കൂടുതൽ സഞ്ചാരികളെ ആകർഷിക്കാൻ പറ്റിയ സാദ്ധ്യതകളെക്കുറിച്ച് സർക്കാർ ഗൗരവമായി ആലോചിച്ചിട്ടുണ്ടോ;

(സി) ടൂറിസം വികസനത്തിന് മൂന്നാറിന്റെ സാദ്ധ്യതകളെക്കുറിച്ച് ശരിയായ പഠനം നടത്തി ടൂറിസം വികസനത്തിനുവേണ്ട നടപടി സ്വീകരിക്കുമോ;

(ഡി) മൂന്നാറിൽ ഇപ്പോൾ സർക്കാർവക എത്ര ഭൂമിയാണുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഇ) മൂന്നാർ ടൂറിസ്റ്റ് കേന്ദ്രത്തിന്റെ വികസനത്തിന് തടസ്സമായി നിൽക്കുന്ന പ്രധാന സംഗതികൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(എഫ്) മൂന്നാറിൽ ടൂറിസ്റ്റ് കേന്ദ്രത്തിന്റെ വികസനത്തിന് ഭൂഉടമകളായ ടാറ്റാ കമ്പനി ഉൾപ്പെടെയുള്ളവരുമായി ചർച്ച ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മൂന്നാറിനെ ഒരു പ്രധാന ടൂറിസ്റ്റ് കേന്ദ്രമായി മാറ്റാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിവരികയാണ്. കേന്ദ്ര സർക്കാരിന്റെ സാമ്പത്തികസഹായത്തോടെ മൂന്നാറിൽ ഒരു യാത്രി നിവാസും ടൂറിസ്റ്റ് റിസപ്ഷൻ സെന്ററും നിർമ്മിക്കുന്നതിന് പദ്ധതിയുണ്ട്. തേക്കടി-മൂന്നാർ റോഡിന്റെ സമഗ്രവികസനത്തിനുള്ള ഒരു പദ്ധതിയും കേന്ദ്രസഹായത്തിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ മൂന്നാറിൽ ടൂറിസവുമായി ബന്ധപ്പെട്ട അടിസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly